**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ തെരുവു വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിന് അനുമതി നൽകിയ ഉത്തരവുകൾ പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 493/2015/തസ്വഭവ** **തിരുവനന്തപുരം, തീയതി : 19.02.2015.**

---

**പരാമർശം :** (1) 14.07.2014-ലെ സ.ഉ(സാധാ)1807/2014/തസ്വഭവ നമ്പർ ഉത്തരവ്
(2) 08.08.2014-ലെ സ.ഉ(സാധാ)2059/14/തസ്വഭവ നമ്പർ ഉത്തരവ്
(3) കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് മാനേജിംഗ് ഡയറക്ടറുടെ 14.11.2014-ലെ കത്ത്
(4) സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 19.11.2014-ലെ 3.10 നമ്പർ തീരുമാനം.
(5) തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് 15.12.2014-ന് നടന്ന മീറ്റിംഗിന്റെ തീരുമാനം
(6) 01.01.2015-ലെ സ.ഉ(സാധാ)2/2015/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

പരാമർശം (5)-ലെ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് അനുമതി നൽകിയ ഉത്തരവുകൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ 6 ജില്ലകളിൽ എൽ.ഇ.ഡി ലാമ്പുകൾ വിതരണം നടത്തുന്നതിനുള്ള ചുമതല കെൽട്രോണിനെ ഏൽപ്പിക്കുന്നു. ഇതേ ജില്ലകളിലെ എൽ.ഇ.ഡി ഒഴികെയുള്ള തെരുവുവിളക്കുപകരണങ്ങളുടെ വിതരണം, ഇൻസ്റ്റലേഷൻ & മെയിന്റനൻസ്, ഗ്യാരണ്ടി നൽകൽ എന്നീ ചുമതലകൾ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിനെ ഏൽപ്പിക്കുന്നതോടൊപ്പം തൃശൂർ ജില്ലയിലെ എൽ.ഇ.ഡി വിതരണവും അതു സംബന്ധിച്ച് മുഴുവൻ പ്രവൃത്തികളും എറണാകുളം ജില്ലയിലെ തെരുവുവിളക്കുപരിപാലനം സംബന്ധിച്ച മുഴുവൻ പ്രവൃത്തികളും കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിന് പരീക്ഷണാർത്ഥം 3 മാസത്തേയ്ക്ക് നൽകുന്നു. അതോടൊപ്പം മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ 6 ജില്ലകളിലെ തെരുവുവിളക്കുപരിപാലനം സംബന്ധിച്ച മുഴുവൻ പ്രവൃത്തികളും തൃശൂർ ജില്ലയിലെ എൽ.ഇ.ഡി ഒഴികെയുള്ള തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച പ്രവൃത്തികളും ക്രൂസ് മുഖേന തുടരുവാനും അനുമതി നൽകുന്നു.

**ഗവർണറുടെ ഉത്തരവിൻപ്രകാരം**
**കെ.എസ്.ശോഭന**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലം.
സെക്രട്ടറി, ക്രൂസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**